# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാനുള്ള നടപടികൾ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 132 — 10-02-2020-ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>i. തൊഴിൽ ദിനങ്ങളോടൊപ്പം സ്ഥായിയായ ആസ്തികളും നിർമ്മിക്കുകയെന്ന പദ്ധതി ലക്ഷ്യം നേടുന്നതിന് ഗ്രാമപഞ്ചായത്തു തലത്തിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി.<br>ii. പദ്ധതിയിലെ വനിതാ പങ്കാളിത്തം കുടുംബശ്രീ സംഘടനാ സംവിധാനം വഴി ഉറപ്പാക്കി. മേറ്റുമാരായി വനിതകൾ പ്രവർത്തിച്ചുവരുന്നു.<br>iii. പദ്ധതി നടത്തിപ്പിന് എഞ്ചിനീയറിംഗ് സംവിധാനം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു.<br>iv. പദ്ധതിയുടെ മോണിറ്ററിംഗ് നടപടികൾ ഊർജ്ജിതമാക്കി.<br>v. സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് ടി കുടുംബങ്ങൾക്ക് മുൻകൂർ വേതനം നൽകുവാനും 100 ദിവസത്തിലധികം തൊഴിലെടുക്കുന്ന കുടുംബങ്ങൾക്ക് 200 ദിവസം വരെ അധിക തൊഴിൽ നൽകുവാനും നടപടി സ്വീകരിച്ചു.<br>vi. പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളുടെ ഭാഗമായ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മെയ്റ്റുമാർ എന്നിവർക്ക് 'കില' യുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | vii. തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിലൂടെ മാത്രം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>viii. വിവിധ വകുപ്പുമായുള്ള സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.<br>ix. ജി.ഐ.എസ്. സംവിധാനം ഉപയോഗിച്ച് പദ്ധതി ആസൂത്രണ നടപടികൾ ആരംഭിച്ചു<br>x. മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം ഉപയോഗിച്ച് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു.<br>അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗ രേഖ പരിഷ്കരിക്കുകയും പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ, സർക്കാർ ധനസഹായത്തോടെ നിർമ്മിക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകവും നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവ പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുത്ത് ഫലപ്രദമായി നടപ്പാക്കി വരുകയും ചെയ്യുന്നു. |
| (ബി) | സംസ്ഥാനത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ എത്രയാണെന്നും തൊഴിലുറപ്പ് വേതനം രണ്ടാഴ്ചയ്ക്കുള്ളിൽ നൽകണമെന്ന വ്യവസ്ഥ നടപ്പാകുന്നുണ്ടോയെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് ആകെ 36,26,715 കുടുംബങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ സമയബന്ധിതമായി വേതനം അനുവദിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ വേതനം നൽകണമെന്ന വ്യവസ്ഥ നടപ്പാക്കുവാൻ പലപ്പോഴും കഴിയാറില്ല. |
| (സി) | കേന്ദ്രസർക്കാരിൽ നിന്നും എത്ര മാസത്തെ വേതന കുടിശ്ശിക ലഭിക്കാനുണ്ട്; സാമ്പത്തികമായി സമൂഹത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന ഗുണഭോക്താക്കളെ ദാരിദ്ര്യത്തിലേയ്ക്ക് നയിക്കാതെ അടിയന്തരമായി കുടിശ്ശിക നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | നിലവിൽ കേന്ദ്രസർക്കാരിൽ നിന്നും 15.01.2020 മുതലുള്ള വേതന കുടിശ്ശിക ലഭിക്കാനുണ്ട്. കുടിശ്ശിക അമിതമായി വരുന്ന ഘട്ടങ്ങളിൽ സമയബന്ധിതമായി വേതനം അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് കൃത്യമായി ആവശ്യപ്പെടാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംസ്ഥാനത്തിന്റെ പദ്ധതിയായ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും മനുഷ്യാധ്വാനം വിനിയോഗിച്ചുകൊണ്ട് ഉല്പാദന വർദ്ധനവും നാടിന്റെ വികസനവും സാധ്യമാക്കുന്ന തരത്തിൽ കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഗുണമേന്മയുള്ളതും ഉല്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണവും തൊഴിലുറപ്പ് പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്. ഗ്രാമീണ മേഖലയിലെ ദുർബലവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിനും ജീവനോപാധി മെച്ചപ്പെടുത്തുന്നതിനുമായി പശുതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവ പരമാവധി നിർമ്മിച്ച് നൽകൽ, സ്വയംസഹായ സംഘങ്ങൾക്കുള്ള വർക്ക് ഷെഡുകൾ എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് വരുന്നു. കൂടാതെ ഗ്രാമീണ മാർക്കറ്റുകളുടെ നിർമ്മാണം, കാർഷികാവശ്യങ്ങൾക്കായുള്ള കുളങ്ങൾ, കാർഷിക നഴ്സറികൾ, തെങ്ങ്, റബ്ബർ കൃഷികളുടെ വ്യാപനം, ഗ്രാമീണ റോഡുകൾ, അംഗനവാടികൾ, സ്കൂൾ ടോയ്‌ലെറ്റുകൾ, സ്കൂൾ ചുറ്റുമതിൽ, കളിസ്ഥലം, ഗാർഹികതല ടോയ്‌ലെറ്റുകൾ, സർക്കാർ വീടുകളുടെ നിർമ്മാണത്തിന് അവിദഗ്ധ തൊഴിൽ സഹായം എന്നിങ്ങനെ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് ഉത്പാദന വർദ്ധനവിനും നാടിന്റെ വികസനത്തിനും ആവശ്യമായ രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്.<br>2019-20 സാമ്പത്തിക വർഷം മുതൽ ക്ഷീര കർഷകരേയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടിൽ കൂടുതൽ കന്നുകാലി ഉള്ള പ്രതിദിനം 10 ലിറ്ററിൽ കുറയാതെയുള്ള പാൽ ക്ഷീര സഹകരണ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ഒരു ദിവസത്തെ വേതനം (പരമാവധി 100 ദിവസം) അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു. പി എം എ വൈ ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ സാമഗ്രികൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ച് വിജയകരമായ രീതിയിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ